**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖലയിലെ ഉല്പാദനച്ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയിലെ ഉല്പാദനച്ചെലവ് കൂടുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഉത്പ്പാദച്ചെലവ് കൂടുന്നതിനുള്ള കാരണം കാലികളുടെ തീറ്റച്ചെലവാണ്. തീറ്റപ്പുല്‍, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം നിലനൽക്കുന്നതിനാൽ ക്ഷീരകർഷകർ കാലിത്തീറ്റയെയാണ് ആശ്രയിക്കുന്നത്. എന്നാൽ കാലിത്തീറ്റയുടെ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ ഉത്പാദിപ്പിക്കുന്നത് അയൽ സംസ്ഥാനങ്ങളിലാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റത്തിനാനുപാതികമായി ആണ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ വേതനവും കേരളത്തിൽ കൂടുതലാണ്. തൊഴിലാളികളുടെ ദൗർലഭ്യം, ഇന്ധനവിലയിലുണ്ടായ വ്യതിയാനം മൂലം ട്രാൻസ്പോർട്ടേഷൻ ചാർജജിലുണ്ടായ വർദ്ധനവ്, വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവ് എന്നിവയും ക്ഷീരമേഖലയിലെ ഉത്പാദനച്ചെലവ് കൂടുന്നതിന് കാരണമാകുന്നു.<br><br>കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. |
| (ബി) | കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (ബി) | കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിവരുന്നത്. ഇതിലൂടെ തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കും.<br><br>മിൽമയുടെ ആഭിമുഖ്യത്തിൽ കന്നുകാലികൾക്കാവശ്യമായ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br>മലബാർ മേഖലായൂണിയൻ പാലുൽപ്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും പശുക്കളുടെ ആരോഗ്യത്തോടെയുള്ള പാലുൽപ്പാദനം സാധ്യമാക്കുന്നതിനും വേണ്ടി തീറ്റപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ്, വൈക്കോൽ എന്നീ പരുഷാഹാരങ്ങൾ സബ്സിഡിയോടെ ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ 2 കോടി കിലോഗ്രാം പരുഷാഹാരങ്ങൾ ആവശ്യമുള്ള കർഷകർക്ക് സബ്സിഡിയോടുകൂടി വിതരണം ചെയ്തു കൊണ്ടിരിക്കുന്നു.<br><br>എറണാകുളം മേഖലായൂണിയൻ പരുഷാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സബ്സിഡി നിരക്കിൽ വൈക്കോലും സൈലേജും വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം മേഖലായൂണിയനും സബ്സിഡി നിരക്കിൽ സൈലേജ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കന്നുകാലികൾക്ക് ആവശ്യമായ പരുഷാഹാരത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കേരളാ ഫീഡ്സ് സമ്പുഷ്ടീകരിച്ച വയ്ക്കോൽ കട്ട (TMR) വിപണിയിൽ ഇറക്കിയിട്ടുണ്ട്. കന്നുകാലിക്കുള്ള സമ്പൂർണ്ണ ആഹാരമായ സമ്പുഷ്ടീകരിച്ച വയ്ക്കോൽ കട്ട (TMR) 40 ശതമാനം പരുഷാഹാരമാണ്. |
| (സി) | ക്ഷീരോല്പാദകരുടെ കൂട്ടായ്മ, എസ്.എച്ച്.ജി., മറ്റ് സന്നദ്ധ സംഘങ്ങൾ എന്നിവയിലൂടെ പൊതു, സ്വകാര്യ, വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (സി) | തരിശുഭൂമികളിലും ഉപയോഗശൂന്യമായ സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുൻകയ്യെടുത്ത് നടപ്പാക്കിവരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, |

| | | | |
|---|---|---|---|
| | | | യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചു വരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഈ സാമ്പത്തികവർഷം തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ നടന്നുവരുന്നു.<br><br>പ്രസ്തുത പദ്ധതി മുഖാന്തരം 2021-22 സാമ്പത്തിക വർഷം 87 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 വർഷം 51 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി നൽകിവരുന്ന സഹായങ്ങൾ വ്യക്തമാക്കുമോ? | (ഡി) | തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>1. 20 സെന്റ് സ്ഥലത്തിനു മുകളിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 24,250/- രൂപ ധനസഹായം നൽകുന്നു. 20 സെന്റിന് താഴെ കൃഷി ചെയ്യുന്നവർക്ക് സൗജന്യമായി തീറ്റപ്പുൽക്കടകൾ നൽകുന്നു.<br>2. ഒരു ഏക്കറിൽ താഴെയുള്ള തീറ്റപ്പുൽകൃഷി തോട്ടങ്ങൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനായി 10,000/- രൂപ വരെ ധനസഹായം.<br>3. ഒരു ഏക്കറിനു മുകളിൽ തീറ്റപ്പുൽകൃഷി തോട്ടങ്ങൾ ജലസേചന സൗകര്യം ഒരുക്കുന്നതിനായി പരമാവധി 25,000/- രൂപ വരെ ധനസഹായം.<br>4. തരിശ്ശ് നിലത്ത് തീറ്റപ്പുൽ കൃഷിയ്ക്കായി ഹെക്ടറിന് 94,272/- രൂപ ധനസഹായം നൽകുന്നു.<br>5. തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനായി ക്ഷീര കർഷകർക്ക് 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.<br>6. ഹൈഡ്രോപോണിക്സ് തീറ്റപ്പുൽകൃഷി പദ്ധതി.<br><br>7. മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15,785/- രൂപ ധനസഹായം<br><br>കൂടാതെ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി |

| | | | |
|---|---|---|---|
| | | | വ്യാപന-വിപണന പദ്ധതികൾക്കായി 75,000/- രൂപ ധനസഹായം നൽകുന്നു. വൃക്ഷവിളകൾ വിതരണം ചെയ്യുന്ന പദ്ധതി, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ